പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 887 — 13.6.2012 ലെ മറുപടിക്ക്

സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി ക്ഷേമ വകുപ്പ് പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'സെൽഫ് സഫിഷ്യന്റ് വില്ലേജ്' എന്നൊരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ; | (എ) പട്ടികജാതി ക്ഷേമ വകുപ്പ് പട്ടികജാതി വികസനത്തിനായി 'സെൽഫ് സഫിഷ്യന്റ് വില്ലേജ്' എന്നൊരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>സംസ്ഥാനത്താകെയുള്ള 26198 പട്ടികജാതി കോളനികളിൽ 50 കുടുംബങ്ങളിൽ കൂടുതലുള്ള 416 പട്ടികജാതികോളനികളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ ' എന്ന പദ്ധതി പ്രകാരം കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനും ശുചീകരണ പ്രവർത്തനം നടപ്പാക്കാനും അടിസ്ഥാന ഉൽപ്പാദനം വർദ്ധിപ്പിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യഘട്ടപ്രവർത്തനമെന്ന നിലയിൽ വീട്, വീട് അറ്റകുറ്റപ്പണികൾ, വരുമാനദായക പദ്ധതികൾ, സാനിറ്റേഷൻ, ബയോഗ്യാസ് പ്ലാന്റ്, കോളനിക്കുള്ളിലെ നടപ്പാത, റോഡ്, ഡ്രെയിനേജ്, മാലിന്യസംസ്കരണം, കുടിവെള്ള പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എത്ര കുടുംബങ്ങളുള്ള പട്ടികജാതി സങ്കേതങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) 50-ൽ കൂടുതൽ കുടുംബങ്ങൾ അധിവസിക്കുന്ന പട്ടികജാതി സങ്കേതങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| (സി) പട്ടികജാതി സങ്കേതങ്ങളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്ന ഏജൻസി ഏതാണ് ; | സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്ന ഏജൻസിയാണ് തയ്യാറാക്കിയിരിക്കുന്നത്. |
| (ഡി) അവസാനമായി ഈ പട്ടിക തയ്യാറാക്കിയതെന്നാണ് ; | ഡി) 2009-10 ലാണ് ഈ പട്ടിക അവസാനമായി തയ്യാറാക്കിയത്. |
| ഇ) ഈ പദ്ധതിയിൽ ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ നിന്നും ഏതെല്ലാം പട്ടികജാതി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട് ? | ഇ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ നിന്നും 23 പട്ടികജാതി കോളനികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. കുന്നത്തുമല പട്ടികജാതി കോളനി<br>2. പോങ്ങിൽ സങ്കേതം<br>3. പോങ്ങുവിള, ശ്രീനിവാസപുരം ഹരിജൻകോളനി<br>4. ശ്രീനിവാസപുരം കോളനി<br>5. തോപ്പുവിള കോളനി<br>6. ഞായലിൽ കോളനി<br>7. കല്ലുമലക്കുന്ന് കോളനി<br>8. എം.ജി കോളനി<br>9. ചാല്യവിള<br>10. ചെറുകുന്നം<br>11. തോപ്പിൽ കോളനി<br>12. കിളിക്കോട്ടുകോണം കോളനി<br>13. ചൂട്ടയിൽ<br>14. കണ്ണാട്ടുകോണം<br>15. പ്ലാച്ചിവിള കോളനി<br>16. ഇടവനക്കോണം<br>17 കഴിയം വയൽതിട്ട<br>18. പറക്കോണം ചരുവിള<br>19. പുളുന്തുരുത്തി<br>20. പുകയിലത്തോപ്പ് കോളനി<br>21. എ.കെ. നഗർ കോളനി<br>22. പുത്തൻവിള കോളനി<br>23. നെടിയവിള കോളനി |

സെക്ഷൻ ഓഫീസർ